# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1265** **13.07.2016-ൽ മറുപടിക്ക്**

## സത്യപ്രതിജ്ഞ ചടങ്ങിന്റെ പരസ്യങ്ങൾ നല്കിയതിലെ ചട്ടലംഘനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി.റ്റി. ബൽറാം** | | **ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി)** | |
| എ) | പുതിയ സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങിനായുള്ള സർക്കാർ പരസ്യങ്ങളിൽ മുഖ്യമന്ത്രിയായോ, എം.എൽ.എ ആയി അധികാരമേറ്റിട്ടില്ലാത്ത വ്യക്തിയുടെ ഫോട്ടോ ഉൾപ്പെടുത്തിയത് നിയമപരമായിരുന്നോ; ഇക്കാര്യത്തിൽ നിയമലംഘനങ്ങളോ ചട്ടലംഘനങ്ങളോ ഉണ്ടോ; എങ്കിൽ ചെലവഴിച്ച തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ? | (എ) | ബഹു. ഗവർണർ സത്യപ്രതിജ്ഞ ചെയ്യാൻ ആവശ്യപ്പെട്ട് കത്ത് നൽകിയതിന് ശേഷം അദ്ദേഹം നിയുക്ത മുഖ്യമന്ത്രിയാണ്. നിയുക്ത മുഖ്യമന്ത്രിയുടെ ഫോട്ടോയാണ് പരസ്യത്തിൽ നൽകിയത്. ചട്ടലംഘനമോ, നിയമലംഘനമോ നടന്നിട്ടില്ല. നാളിതുവരെ ടി പരസ്യം നൽകിയ വകയിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| ബി) | 25.05.2016 ന് പത്രങ്ങളിൽ പരസ്യങ്ങൾ നൽകുന്ന വേളയിൽ, സർക്കാർ പരസ്യങ്ങളിൽ രാഷ്ട്രപതി, പ്രധാനമന്ത്രി, സുപ്രീംകോടതി ചീഫ് ജസ്റ്റിസ് എന്നിവരുടെ ഫോട്ടോകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന നിബന്ധന നിലവിലുണ്ടായിരുന്നോ; | (ബി) | സുപ്രീംകോടതിയുടെ ഭേദഗതി ഉത്തരവ് പ്രകാരമാണ് മുഖ്യമന്ത്രിയുടെ ഫോട്ടോ ഉപയോഗിച്ചത് |
| സി) | എങ്കിൽ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് തന്നെയായിരുന്നോ പ്രസ്തുത പരസ്യങ്ങൾ നൽകിയിരുന്നത്; | (സി) | അതെ |
| ഡി) | സംസ്ഥാനത്തിന് പുറത്ത് കോടിക്കണക്കിന് രൂപ ചെലവഴിച്ച് പരസ്യങ്ങൾ നൽകിയതുമൂലം കേരളത്തിലെ ജനങ്ങൾക്കുണ്ടാവുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന പ്രയോജനം എന്താണ് എന്നു വിശദീകരിക്കാമോ? | (ഡി) | അഴിമതിക്കും, പക്ഷപാതത്തിനും സ്വജന പക്ഷപാതത്തിനുമെതിരായ ജനവിധിയുടെ പ്രതീകമായതും, അങ്ങേയറ്റം ദുർബലരും പാർശ്വവത്കരിക്കപ്പെടുന്നതുമായ പൗരന്റെ അവകാശങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്നതുമായ ഒരു പുതിയ സർക്കാർ അധികാരമേറ്റതുവഴി കേരള സംസ്ഥാനത്തിന്റെ മൊത്തത്തി ലുള്ള പ്രതിഛായ സംബന്ധിച്ച് ഇതര സംസ്ഥാനങ്ങളിലെ ജനങ്ങളിലും അവിടത്തെ മലയാളികളിലും അവബോധം സൃഷ്ടിക്കാനും അതുവഴി സംസ്ഥാനത്തിന് നേട്ടങ്ങൾ ഉണ്ടാക്കാനുമാണ് ഈ പരസ്യം കൊണ്ട് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**